## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.298 — 13.03.2018 ൽ മറുപടിയ്ക്ക്

### കർഷകർ സ്വകാര്യ മില്ലുകാർക്ക് കുറഞ്ഞ വിലയ്ക്ക് നെല്ല് വിൽക്കുവാൻ നിർബന്ധിതരാകുന്ന സാഹചര്യം

**ചോദ്യം**

ശ്രീ.വി.ഡി.സതീശൻ
ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.അനൂപ് ജേക്കബ്
ശ്രീ.റോജി എം. ജോൺ

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

(എ) സംഭരിക്കുന്ന നെല്ലിന്റെ വില (എ) താമസംവിനാ ലഭിക്കുന്നതിന് ആവിഷ്കരിച്ച പി.ആർ.എസ്. (പാഡി റസിപ്റ്റ് ഷീറ്റ്) വായ്പ പദ്ധതി വിജയപ്രദമാണോ; ഏതൊക്കെ ബാങ്കുകളിൽ നിന്നാണ് കർഷകർക്ക് പണം ലഭിക്കുന്നത്; പ്രസ്തുത പദ്ധതിയിൽ ചേർന്ന കർഷകർ എത്രയെന്ന് വിശദമാക്കാമോ;

സംഭരിക്കുന്ന നെല്ലിന്റെ വില താമസംവിനാ ലഭിക്കുന്നതിന് ആവിഷ്കരിച്ച പി.ആർ.എസ് ലോൺ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. ഇതിനായി കേരളത്തിൽ പ്രവർത്തിക്കുന്ന 15 ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്. ബാങ്കുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് |
|---|---|
| 1 | ജില്ല സഹകരണ ബാങ്ക്, കോഴിക്കോട് |
| 2 | ബാങ്ക് ഓഫ് ഇന്ത്യ |
| 3 | ഫെഡറൽ ബാങ്ക് |
| 4 | കാനറാ ബാങ്ക് |
| 5 | വിജയാ ബാങ്ക് |
| 6 | കേരള ഗ്രാമീൺ ബാങ്ക് |
| 7 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ |
| 8 | ഇന്ത്യൻ ഓവർസീസ് ബാങ്ക് |
| 9 | സൗത്ത് ഇന്ത്യൻ ബാങ്ക് |
| 10 | ജില്ല സഹകരണ ബാങ്ക്, പാലക്കാട് |
| 11 | ജില്ല സഹകരണ ബാങ്ക്, ആലപ്പുഴ |
| 12 | ജില്ല സഹകരണ ബാങ്ക്, കോട്ടയം |
| 13 | ജില്ല സഹകരണ ബാങ്ക്, പത്തനംതിട്ട |
| 14 | ജില്ല സഹകരണ ബാങ്ക്, വയനാട് |
| 15 | പഞ്ചാബ് നാഷണൽ ബാങ്ക് |

07.03.2018 വരെയുള്ള കണക്കനുസരിച്ച് 42,524 കർഷകർ പദ്ധതിയിൽ ചേർന്നിട്ടുണ്ട്.

(ബി) നെല്ല് നൽകുമ്പോൾ സപ്ലൈകോയുടെ വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നതിന് ആധാർ നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) കർഷകർ വ്യക്തിഗത അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് ആധാർ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ കർഷക കൂട്ടായ്മകൾ രജിസ്റ്റർ ചെയ്യുന്നതിന് ആധാർ നിർബന്ധമാക്കിയിട്ടില്ല.

(സി) സപ്ലൈകോയുടെ മെല്ലെപ്പോക്കിലും കാലതാമസത്തിലും മനം മടുത്ത കർഷകർ സ്വകാര്യ മില്ലുകാർക്ക് കുറഞ്ഞ വിലയ്ക്ക് നെല്ല് വിൽക്കുവാൻ നിർബന്ധിതരാകുന്ന സാഹചര്യമുണ്ടോ യെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സ്വന്തമായി അരിക്കച്ചവടമുള്ള മില്ലുകാർക്ക് നെല്ല് കുത്തുവാൻ കൊടുക്കേണ്ടെന്ന തീരുമാനം എടുത്തിട്ടുണ്ടോ; പ്രസ്തുത തീരുമാനം മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

(ഡി) ഇല്ല.

സെക്ഷൻ ഓഫീസർ